# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2017 - '18

**Class : VII** **Marks : 80**
**Time : 2½ hrs**

# മലയാളം

### പാരായണ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഇന്ത്യയുടെ തെക്കേ അറ്റത്തു കാടിന്റെ സൗന്ദര്യവും കടലിന്റെ നീലിമയും പുഴയുടെ താളവും കായലിന്റെ പരപ്പും നിറഞ്ഞ കേരളം വൈവിധ്യങ്ങളുടെയും ലോകോത്തര കലകളുടെയും സമൃദ്ധ ഭൂമിയാണ്. ഇവയെല്ലാംതന്നെ കേരളത്തെ സഞ്ചാരികളുടെ പറുദീസയാക്കുന്നു. കേരളത്തിൽ വിദേശികളെ ആകർഷിക്കുന്ന പ്രധാനകേന്ദ്രം കടലോരമാണ്. ശങ്കരാചാര്യരുടെ ജന്മംകൊണ്ട് ധന്യമായ കാലടി, ചെറുതുരുത്തിയിലെ കലാമണ്ഡലം എന്നിവയും കേരളത്തിന്റെ അഭിമാനസ്തംഭങ്ങൾ തന്നെയാണ്. തേക്കടിയിലെ പെരിയാർ തടാകം, സൈലന്റ്വാലി, തട്ടേക്കാട് തുടങ്ങിയ സങ്കേതങ്ങളിൽ അപൂർവ്വ മൃഗങ്ങളും പക്ഷികളും വസിക്കുന്നു.

1. കേരളം സ്ഥിതിചെയ്യുന്നത് എവിടെ? **2**
2. കേരളത്തെ സഞ്ചാരികളുടെ പറുദീസയാക്കുന്നതെന്ത്? **2½**
3. കേരളത്തിലേക്ക് വിദേശികളെ ആകർഷിക്കുന്ന പ്രധാനകേന്ദ്രം എന്താണ്? **2**
4. കേരളത്തിന്റെ അഭിമാനസ്തംഭങ്ങൾ എന്തൊക്കെയാണ്? **2½**
5. പെരിയാർ തടാകം സ്ഥിതിചെയ്യുന്നത് എവിടെ? **2**
6. അപൂർവ്വയിനം പക്ഷികളും മൃഗങ്ങളും വസിക്കുന്നതെവിടെ? **2**

7. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. **2**

## രചനാവിഭാഗം

**II. ആശയം വിപുലീകരിച്ച് എഴുതുക.**

1. "വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിനമർത്ത്യനു മേന്മേലമൃതമയം". **7**

2. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **8**
വനസംരക്ഷണത്തിന്റെ പ്രാധാന്യം.

## വ്യാകരണ വിഭാഗം

**III. അംഗ– അംഗിവാക്യം വേർതിരിച്ച് എഴുതുക.** **1**
വർഷകാലത്ത് കരകവിയാതെ പുഴയിലെ ജലം ഒഴുകി കടലിൽ എത്തുന്നു.

**IV. പ്രയോഗം മാറ്റുക.** **1**
ഡോക്ടർ വൃദ്ധയെ കിടത്തി.

**V. അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **1**
കൃഷ്ണൻ കുചേലനെ എതിരേറ്റു.

**VI. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**
കാർ തിടുക്കത്തിൽ ഒരു സീൽക്കാരത്തോടെ ധൃതിയിൽ ഓടിപ്പോയി.

**VII. 'മുഖവുമായ്' പിരിച്ചെഴുതുന്നതെങ്ങനെ?** **1**
(മുഖവും + ആയ്, മുഖവു + ആയ്, മുഖവും + മായ്)

**VIII. 'ജീർണവസ്ത്രം' എന്ന പദത്തിന്റെ സമാസം എഴുതുക.** **1**
(രൂപകം, കർമ്മധാരയൻ, അവ്യയീഭാവൻ)

**IX. 'വികാസം' എന്ന പദത്തിന്റെ എതിർപദം എഴുതുക.** ½
(സങ്കേതം, സങ്കോചം, സാകേതം)

**X. 'ദൈന്യം' എന്ന പദത്തിന്റെ അർത്ഥം എഴുതുക.** **1**
(ദീനത, ധീരത, ധീത)

**XI. സമാനപദം അല്ലാത്തത് എഴുതുക.** **1**
(മുഖം, ആനനം, ആനതം, വദനം)

**XII. നാനാർത്ഥപദങ്ങൾ എഴുതുക.** ½

കാൽ

**XIII. വാക്യത്തിൽ പ്രയോഗിക്കുക.** 1

കണ്ണോടിക്കുക

## സാഹിത്യവിഭാഗം

**XIV. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 4

1. പൂമ്പാറ്റയോട് എന്ന പദ്യം ഏതു കൃതിയിൽനിന്ന് എടുത്തതാണ്?
   (കുചേലവൃത്തം, അമ്പലമണി, തപ്തഹൃദയം)
2. ലോകജലദിനമായി ആചരിക്കുന്നതെന്ന്?
   (മാർച്ച് 22, ജൂൺ 5, മാർച്ച് 12)
3. പാരാതെ ചെന്നെതിരേറ്റു. ആരെ?
   (മുകുന്ദനെ, കുചേലനെ, ഭക്തനെ)
4. പൊന്നുടുപ്പൂരിയിട്ട് പിന്നിലെ തോപ്പിലേക്ക് ഓടിയതാര്?
   (കുട്ടി, തോഴൻ, ആദിത്യൻ)

**XV. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക.** 3

എൻ മണിക്കുട്ടനു ................................ ഭാഗ്യമേ ഭാഗ്യം!

**XVI. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 8

1. പുഴകളെക്കുറിച്ചുള്ള വേദസങ്കല്പം എന്താണ്?
2. പുത്രന്റെ കൺതുടച്ചുകൊണ്ട് അമ്മ വെളിപ്പെടുത്തിയ സത്യമെന്ത്?
3. ആറായാലും തോടായാലും കടലിൽ എന്ന പഴമൊഴി പുഴയുടെ ജന്മസത്യത്തെ ഉറപ്പിക്കുന്നതെന്ത്?
4. കൃഷ്ണൻ കുചേലനെ എതിരേറ്റത് എപ്രകാരമാണ്?

**XVII. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 25

1. പ്രകൃതി തന്ന സൗഭാഗ്യം നാം നശിപ്പിച്ചാൽ തീർച്ചയായും മരുഭൂമിയിൽ ഉഴലുന്ന മനുഷ്യരാവും നമ്മൾ. മനുഷ്യരുടെ ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ എന്തൊക്കെയാണ്?
2. 'പാഠാലയത്തിലെ പ്രാമാണ്യമുള്ളവർ

പാവങ്ങളോടൊത്തിണങ്ങലുള്ളൂ'.
സന്ദർഭം കണ്ടെത്തി ആശയം വ്യക്തമാക്കുക.

3. കുട്ടി ചിത്രശലഭവുമായി നടത്തുന്ന സംഭാഷണം ചുരുക്കി വിവരിക്കുക.
4. കൃഷ്ണനെ കാണാൻ പുറപ്പെട്ട കുചേലന്റെ രൂപം സ്വന്തം വാക്യത്തിൽ വർണ്ണിക്കുക.
5. വാർദ്ധക്യത്തിൽ ഒറ്റപ്പെടുന്ന ഒരമ്മയുടെ ജീവിതാവസ്ഥയാണ് മാധവിക്കുട്ടിയുടെ 'അമ്മ' എന്ന കഥ. സമർത്ഥിക്കുക.